(ഡി) ഇവയിൽ കുറ്റക്കാരെ ശിക്ഷിച്ച കേസുകൾ എത്രയെന്ന് വെളിപ്പെടുത്താമോ ;

(ഇ) ഫുഡ് അഡൽറ്ററേഷൻ കേസുകൾ ദുർബ്ബലമാകുന്ന സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) 16218 സാമ്പിളുകൾ.

(ബി) 289 എണ്ണം.

(സി) 254 കേസുകൾ വിവിധ കോടതികളിൽ ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) 2004-ൽ ഫയൽ ചെയ്ത കേസുകൾ വിവിധ കോടതികളിൽ നടന്നു വരുന്നു. പ്രസ്തുത കേസുകളുടെ വിധി പ്രഖ്യാപനം പ്രതീക്ഷിച്ചുവരുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സാംക്രമിക രോഗങ്ങളെക്കുറിച്ച് ബോധവൽക്കരണം

121 [897] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2004-ൽ എലിപ്പനി, ഡങ്കിപ്പനി, മലമ്പനി ഇവ ബാധിച്ച് എത്രപേർ മരണപ്പെട്ടിട്ടുണ്ട് എന്ന് ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കാമോ;

(ബി) പ്രസ്തുത രോഗങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ ?

ഉത്തരം

(എ)

ജില്ല	എലിപ്പനി	ഡങ്കിപ്പനി	മലമ്പനി
(1)	(2)	(3)	(4)
തിരുവനന്തപുരം	1	..	1
കൊല്ലം	12	1	..
പത്തനംതിട്ട	11	..	..
ആലപ്പുഴ	12	1	3
കോട്ടയം	12	2	..

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
ഇടുക്കി	8	..	..
എറണാകുളം	14	5	3
തൃശ്ശൂർ	8	5	..
പാലക്കാട്	1	8	..
മലപ്പുറം	2	7	..
കോഴിക്കോട്	5	5	2
കണ്ണൂർ	6	5	2
കാസർഗോഡ്	3	..	1
വയനാട്	1	..	..
	96	39	12

(ബി) എലിപ്പനി, ഡങ്കിപ്പനി, മലമ്പനി എന്നീ രോഗങ്ങളെ കുറിച്ചുള്ള ഫോൾഡർ എല്ലാ ജില്ലാ ആരോഗ്യ വകുപ്പ് കേന്ദ്രങ്ങളിലും വിതരണം ചെയ്യുകയും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ട്. വെള്ളക്കെട്ടുകളിൽ കൂത്താടികളെ തിന്നു നശിപ്പിക്കുന്ന ഗമ്പൂസിയ, ഗപ്പി, മാനത്തുകണ്ണി മുതലായ മത്സ്യങ്ങളെ വളർത്തുക തുടങ്ങിയ പ്രതിരോധ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എലിനശീകരണം, വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുക, ചപ്പുചവറുകൾ നശിപ്പിക്കുക, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ തുടങ്ങിയവ നല്ലതുപോലെ കഴുകി മാത്രം ഉപയോഗിക്കുക, മലിനജലത്തിൽ മുഖം കഴുകുകയോ കുളിക്കുകയോ ചെയ്യരുത്, കൃഷിയിടങ്ങളിലും വെള്ളത്തിലും പണിയെടുക്കുമ്പോൾ മുറിവുകൾ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുക എന്നീ പ്രതിരോധ പ്രവർത്തനങ്ങളും ജനങ്ങളുടെ ഇടയിൽ ഫോൾഡർ മുഖാന്തിരം അറിയിച്ചുവരുന്നു. കൂടാതെ പത്രക്കുറിപ്പുകൾ മുഖേനയും ജനങ്ങൾക്കുവേണ്ട മുന്നറിയിപ്പുകൾ നൽകിവരുന്നുണ്ട്.

കെട്ടിക്കിടക്കുന്ന വെള്ളത്തിൽ ക്ലോറിനേഷൻ നടത്തിവരുന്നുണ്ട്. ഫീവർ സർവൈലൻസും ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകളും നടത്തിവരുന്നു.

മഞ്ഞപ്പിത്ത രോഗവും പ്രതിവിധിയും

122 [898] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്തകാലത്തായി മഞ്ഞപ്പിത്തരോഗം വ്യാപകമായി പടർന്നുപിടിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ രോഗവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര രോഗികൾ സർക്കാർ ആശുപത്രികളിൽ ചികിൽസയ്ക്ക് എത്തുന്നുണ്ട് എന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly